LIBRARY ARCHIVES Kerala Legislative Assembly

പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് ഓടുന്ന ബസ്സുകൾ

100 (4825) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (എ) പ്രകാരം പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് ഓടുന്ന ബസ്സുകൾക്കെതിരെ പോലീസിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (A) പ്രകാരം പെർമിറ്റ് വയലേഷന് 2,000 മുതൽ 5,000 രൂപ വരെ പിഴ ഈടാക്കുന്നു. നിയമ ലംഘനം ആവർത്തിച്ചാൽ പിഴ തുക 10,000 രൂപ വരെ ഈടാക്കുന്നതാണ്. തുടർന്നുള്ള നിയമ ലംഘനം നടത്തിയാൽ ടി വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കുക/സസ്പെൻഡ് ചെയ്യുന്ന തടക്കമുള്ള നടപടിയ്ക്ക് ബന്ധപ്പെട്ട ആർ.ടി.ഒ.-യ്ക്ക് റിപ്പോർട്ട് ഹാജരാക്കുന്നതാണ്.

അന്തിക്കാട് പോലീസ് സ്റ്റേഷൻ

101 (4826) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് വരുന്നത്?

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ അന്തിക്കാട്, ചാഴൂർ, താന്ന്യം, മണലൂർ, അരിമ്പൂർ എന്നീ അഞ്ച് പഞ്ചായത്തുകളുണ്ട്.

(ബി) വിസ്തൃതമായ ഭൂപ്രദേശത്തിന്റെ ക്രമസമാധാന ചുമതലയുള്ള അന്തിക്കാട് പോലീസ് സ്റ്റേഷനിൽ മതിയായ പോലീസ് ഉദ്യോഗസ്ഥരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അനുവദിക്കപ്പെട്ട തസ്തികകളിൽ ചില ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അന്തിക്കാട് പോലീസ് സ്റ്റേഷന് അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണ്?

അന്തിക്കാട് പോലീസ് സ്റ്റേഷന് ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ - 3, എ.എസ്.ഐ.-2, എസ്.സി.പി.ഒ-8, സി.പി.ഒ.-28, ഡബ്ല്യു.സി.പി.ഒ.-3, ഡ്രൈവർ സി.പി.ഒ.-1, പാർട്ട് ടൈം സ്വീപ്പർ - 1 എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സ്റ്റേഷനിലെ നിലവിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ?

അന്തിക്കാട് പോലീസ് സ്റ്റേഷന് നിലവിലുള്ള അംഗസംഖ്യ ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ - 2, എ.എസ്.ഐ.-1, എസ്.സി.പി.ഒ.-7, സി.പി.ഒ.-28, ഡബ്ല്യു.സി.പി.ഒ.-3, ഡ്രൈവർ സി.പി.ഒ.-1, പാർട്ട് ടൈം സ്വീപ്പർ - 1 എന്ന ക്രമത്തിലാണ്.

(ഇ) പ്രസ്തുത സ്റ്റേഷനിൽ ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ ആയത് നികത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഒഴിവുകൾ നികത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സദാചാര പോലീസ് സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ

102 (4827) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചിലർ സദാചാര പോലീസായി നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ പോലീസിന്റെ കാര്യക്ഷമമായ ഇടപെടലുണ്ടാകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉണ്ട്. പൊതുനിരത്തുകൾ, ഷോപ്പിംഗ് മാളുകൾ, പാർക്കുകൾ തുടങ്ങിയ സ്ഥലങ്ങളിൽ വനിതാ പോലീസ് അടക്കമുള്ളവരുടെ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് സമഗ്രമായ അന്വേഷണം നടത്തി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

വെള്ളോറയിൽ പോലീസ് സ്റ്റേഷൻ

103 (4828) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ വെള്ളോറയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വെള്ളോറയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly